36/17/2018



**ME 510**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2018.

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. മാതൃകപോലെ ഘടക പദങ്ങളാക്കുക. **1**

മാതൃക :

- പരുങ്ങിയൊരുങ്ങിടു മോണക്കോടി-
  യുടുത്തൊരുഷസ്സേ
  – പരുങ്ങി, ഒരുങ്ങിടും, ഓണക്കോടി,
  ഉടുത്ത, ഒരു ഉഷസ്സേ
- മലർക്കളമെഴുതിക്കാത്തോരരചനെ

2. അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴി കൂകിയപ്പോൾ, ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായിമാർഗേണകൂകി ''നോക്കീക്കോ''. **1**

മത്തായിയുടെ ഏതു സ്വഭാവ സവിശേഷതയാണ് ഈ കഥാസന്ദർഭത്തിൽ പ്രതിഫലിക്കുന്നത് ? കണ്ടെത്തിയെഴുതുക. (ഒരു വാക്യം)

3 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിനുമാത്രം ഉത്തരം എഴുതുക. **3x2=6**
(രണ്ടോ മൂന്നോ വാക്യങ്ങളിൽ)

3. ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ <u>പ്രകാശം പരത്തി</u> അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി.

(ശ്രീനാരായണഗുരു)

അടിവരയിട്ട പ്രയോഗത്തെ സാധൂകരിക്കുന്ന, ശ്രീനാരായണഗുരുവിന്റെ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ സൂചനകളായി എഴുതുക.

4. 
- തായ്മൊഴി തന്നീണം
- തായ്ചൊല്ലിലൂറിയ താളം

മാതൃഭാഷയുടെ എന്തെല്ലാം സവിശേഷതകൾ ഈ പ്രയോഗങ്ങളിൽ പ്രകടമാണ് ? രണ്ടു സൂചനകൾ എഴുതുക.

Score

5. ചിരുത <u>കൃതകൃത്യയായി</u>.
അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന സവിശേഷാർഥം കുറിയ്ക്കുക.

6. ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു. എന്തുകൊണ്ട് ?

**7 മുതൽ 12 വരെയുള്ള** ചോദ്യങ്ങളിൽ ഏതെങ്കിലും **5** എണ്ണത്തിന് ഉത്തരം എഴുതുക. **4x5=20**
(അരപ്പുറം വീതം)

7. തിരികൾ തെറുത്തു, കൊളുത്താനുറ്റ മു-
ഹൂർത്തം കാത്തുകുഴഞ്ഞു മടങ്ങിയ
കരവിരലോടെ, ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ.
മുക്കുറ്റിക്കു നൽകിയിരിക്കുന്ന മാനുഷികഭാവം വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

8. ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്''
എന്ന ശ്രീനാരായണ സന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ ഒരു വിശിഷ്ടാശയമാണ്.

(ശ്രീനാരായണഗുരു)

കുറ്റിപ്പുഴ കൃഷ്ണപ്പിള്ളയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിയ്ക്കുക.

9. ''ആ റേഡിയോക്ക് നല്ല വെലേണ്ട് മത്തായി മൂപ്പരേ'' ചാക്കുണ്ണി മടിച്ചു.
''ഉവ്വേരിക്കും, പക്ഷേ, എന്തായാലും സ്വർണ്ണത്തിന്റെ വെലേണ്ടാവോ ?''

(പണയം)

വിലയെക്കുറിച്ച് രണ്ടു പേർക്കുമുള്ള സങ്കല്പങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

10. വിൽക്കാനുള്ളതല്ല, ആളുകൾക്ക് ഒന്നും രണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നായിരുന്നു കൊച്ചു ചക്കരച്ചിയുടെനില.
കൊച്ചുചക്കരച്ചിയോടുള്ള ആരാധനയാണോ, പ്രകൃതി വിഭവങ്ങളുടെ വിതരണത്തെ സംബന്ധിച്ച തന്റെകാഴ്ചപ്പാടാണോ എ.പി. ഉദയഭാനുവിനെ ഇത്തരമൊരു നിരീക്ഷണം നടത്താൻ പ്രേരിപ്പിച്ചത് ? സ്വാഭിപ്രായം യുക്തി പൂർവം സമർഥിക്കുക.

11. ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ ?
ആരാണുമുന്നിൽ, പുറത്തേക്കശാന്തനാ-
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ ?
വരികളിൽ തെളിയുന്ന ആക്ഷേപഹാസ്യം നിരൂപണം ചെയ്ത് കുറിപ്പു തയാറാക്കുക.

Score

12. അമ്മിഞ്ഞപ്പാലോലും ചോരിവാ കൊണ്ടാദ്യ-
മമ്മയെത്തന്നെ വിളിച്ച കുഞ്ഞേ
മറ്റൊരുമതാവുകൂടിയുണ്ടെന്മക-
ന്നുറ്റ വാത്സല്യമോടോമനിപ്പാൻ
(വള്ളത്തോൾ)

ഓരോന്നിനോരോ മൊഴിച്ചന്ത, മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം
വെൺമയും ഞാനാകുമോർമ്മ തൻ ഭൂമിയും
(അമ്മയുടെ എഴുത്തുകൾ)

മാതൃഭാഷയെക്കുറിച്ചുള്ള രണ്ടു നിരീക്ഷണങ്ങൾ താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. (ഒരു പുറം) 6x2=12

13. പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്. (പത്രനീതി)
ജഫേഴ്സന്റെ അഭിപ്രായം വർത്തമാനകാലത്ത് എത്രമാത്രം പ്രസക്തമാണ് ?
വർത്തമാനകാലത്തെ പത്ര-മാധ്യമ ധർമ്മങ്ങൾ എന്നവിഷയത്തിൽ ഉപന്യാസം തയാറാക്കുക.

14. 
- അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണു നിറയാത്തത്, കണ്ണിൽക്കൂടിവരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്, ഇറച്ചിയുടെ രുചി ഓർത്തിട്ടാണ്.
- ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു.
- അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെനിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു.

രൂക്ഷമായ ആക്ഷേപ ഹാസ്യമാണ് 'കോഴിയും കിഴവിയും' എന്ന കഥയുടെ പ്രധാന സവിശേഷത. കഥ വിശകലനം ചെയ്തു നിരൂപണം തയാറാക്കുക.

15. ''ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ...ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ''...
(ഓരോ വിളിയുംകാത്ത്)

അച്ഛനെക്കുറിച്ചുള്ള സമ്പന്നമായ ഓർമ്മകളാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. ഓർമ്മകളിലൂടെ തെളിയുന്ന അച്ഛനെക്കുറിച്ച് കഥാപാത്ര നിരൂപണം തയാറാക്കുക.

-oOo-